**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4467** **29-10-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ സ്കൂളുകളും ഹോസ്റ്റലുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളും ഹോസ്റ്റലുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു. 1. വടക്കാഞ്ചേരി എം.ആർ.എസ് 2. എങ്കക്കാട് ഐ.ടി.ഐ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നില്ല. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികളും വകയിരുത്തിയ തുകയും വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികളും വകയിരുത്തിയ തുകയും ചുവടെ ചേർക്കുന്നു. വടക്കാഞ്ചേരി എം.ആർ.എസ്. 1. കളിസ്ഥലവും ഫെൻസിംഗും - 35,00,000/-രൂപ 2. ഫർണിച്ചറുകൾ - 19,77,057/-രൂപ 3. ബാൻഡ് ഉപകരണങ്ങൾ - 2,11,210/-രൂപ 4. അടുക്കള നവീകരണം - 13,50,440/-രൂപ 5. ബയോഗ്യാസ് പ്ലാന്റ് - 1,85,850/-രൂപ 6. സ്മാർട്ട് ക്ലാസ് റൂം - 7,99,920/-രൂപ 7. കൊതുകുവല സ്ഥാപിക്കൽ - 16,50,805/-രൂപ 8. ഹോസ്റ്റൽ അറ്റകുറ്റപ്പണികൾ - 9,10,000/-രൂപ 9. പ്ലിന്ത് പ്രൊട്ടക്ഷൻ ഫോർ ബിൽഡിംഗ് - 9,60,000/-രൂപ 10. കോമ്പൗണ്ട് ഫെൻസിംഗ് - 4,80,000/-രൂപ 11. ടോയ് ലറ്റ് നവീകരണം - 16,00,000/-രൂപ എങ്കക്കാട് ഐ.ടി.ഐ 1. ഹോസ്റ്റൽ കെട്ടിടം അറ്റകുറ്റപ്പണികൾ - 2,60,000/-രൂപ 2. ഐ.ടി.ഐ. കെട്ടിടം അറ്റകുറ്റപ്പണികൾ -4,00,000/-രൂപ 3. ചുറ്റമതിൽ അറ്റകുറ്റപ്പണികൾ - 2,00,000/-രൂപ |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിലെ സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തോടൊപ്പം പഠനനിലവാരം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആർഹമായ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഓൺലൈൻ പഠനകാലത്തും അനുവദിച്ചു വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിലെ സാഹചര്യത്തിൽ ഓൺലൈൻ |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസത്തോടൊപ്പം പഠന നിലവാരം ഉറപ്പു വരുത്തുന്നതിനായും ബോധന പ്രശ്നങ്ങൾ പരിഹരിക്കാനും സാമൂഹ്യ പഠനമുറികൾ, മറ്റ് പഠന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇതിന് പുറമേ മെന്റർ ടീച്ചർമാർ മോഡൽ റസിഡൻഷ്യൽ സ്കൂൾ അധ്യാപകർ, റിട്ട.അധ്യാപകർ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ